**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** — **30-08-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.വി.അൻവർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മഴക്കെടുതികൾ നേരിടുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റികളെ മുൻകൂട്ടി സജ്ജമാക്കിയതുവഴി കെടുതിയുടെ ആഘാതം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാലാവസ്ഥാ മുന്നൊരുക്കങ്ങൾ നടത്തുകയും ദുരന്ത സാഹചര്യങ്ങളിൽ ഇടപെടേണ്ടതിനുവേണ്ട മാർഗനിർദേശങ്ങൾ ഉൾക്കൊള്ളുന്ന ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് പുതുക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നോ; അവശ്യഘട്ടത്തിൽ ഒഴിപ്പിക്കൽ ഉൾപ്പെടെ അടിയന്തര ഇടപെടലിനുവേണ്ട കാര്യക്ഷമമായ സംവിധാനം ഒരുക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | 2022 ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുതുക്കിയ ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓറഞ്ച് ബുക്ക് 2022 എല്ലാ വകുപ്പ് മേധാവിമാർക്കും നൽകുകയും അവരുടെ യോഗം വിളിച്ച് ചേർത്ത് മഴക്കാലത്ത് ഓറഞ്ച് ബുക്കിലെ നിർദ്ദേശമനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ അവശ്യഘട്ടത്തിൽ ഒഴിപ്പിക്കൽ ഉൾപ്പെടെ അടിയന്തിര ഇടപെടലിന് വേണ്ട കാര്യക്ഷമമായ സംവിധാനം ഒരുക്കിയിട്ടുള്ളതാണ്. ഓറഞ്ച് ബുക്കിൽ വൾനറബിൾ ഗ്രൂപ്പ് എന്നടയാളപ്പെടുത്തിയിരിക്കുന്ന വിഭാഗങ്ങൾക്കായി ക്യാമ്പുകൾ തയ്യാറാക്കി ആവശ്യമായ ഘട്ടങ്ങളിൽ ആളുകളെ മുൻകൂട്ടി മാറ്റി താമസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കൂടാതെ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധസമിതി എന്നിവർ ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തിര ക്യാമ്പുകൾ സജ്ജമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ ഒഴിപ്പിക്കുന്നതിനായി റസ്ക്യൂ ബോട്ടുകളും, ഫിഷറീസിന്റെ നേതൃത്വത്തിൽ മത്സ്യബന്ധന യാനങ്ങളും, കെ.എസ്.ആർ.ടി.സിയുടെ ബസ്സുകളും, അഗ്നിരക്ഷാ സേനയുടെ ബോട്ടുകളും സജ്ജമാക്കി. കൂടാതെ പോലീസ്, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പ്, സിവിൽ ഡിഫൻസ്, അഗ്നിരക്ഷാ സേന |

| | | | |
|---|---|---|---|
| | | | തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ ഒഴിപ്പിക്കലിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, പ്രളയ ബാധിത മേഖലകളിൽ NDRF സംഘത്തെ വിനിയോഗിക്കുകയും ചെയ്തു. കാലവർഷം ത്രുക്ഷമാകുമ്പോൾ മത്സ്യതൊഴിലാളികൾ കടലിലേക്ക് പോകുന്നത് നിയന്ത്രിക്കുന്നുണ്ട്. കടലാക്രമണം മൂലമുണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ക്വാറികളുടെ പ്രവർത്തനം താൽകാലികമായി നിയന്ത്രിക്കുകയും ചെയ്തു. നദികളിലെ ജല നിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുകയും ഡാമുകളിൽ റൂൾകർവ്വ് പ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങൾ നേരിടുവാൻ മലയോര മേഖലകളിലെ റോഡുകളിൽ പട്രോളിംഗ് ഏർപ്പെടുത്തുകയും റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗത യോഗ്യമാക്കുവാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൃത്യമായ മുന്നറിയിപ്പ് യഥാസമയം നൽകുന്നതിന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് സംവിധാനം കൂടുതൽ ആധുനികീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കാമോ? | (സി) | കൃത്യമായ മുന്നറിയിപ്പ് യഥാസമയം നൽകുന്നതിന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ നിലവിലുള്ള മുന്നറിയിപ്പ് സംവിധാനം കൂടുതൽ ആധുനീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2017ലെ ഓഖി ചുഴലിക്കാറ്റ്, 2018 ,2019, 2021 വർഷങ്ങളിലെ പ്രളയം എന്നിവയ്ക്ക് ശേഷവും ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കാൻ പലതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ